


# വെള്ളം നല്ലത്, കോളയാണ് കൊള്ളരുതാത്തത്?

കോളയുണ്ടാക്കാനുപയോഗിക്കുന്ന വെള്ളം കീടനാശിനിയില്ലാത്തതെന്ന് ഇന്ത്യയിലെ കോളക്കമ്പനികളെക്കുറിച്ച് പഠനം നടത്തിയ 'ടെറി' റിപ്പോർട്ട്. **സി.ആർ. ബിജോയി**യുടെ വിശകലനം

സ്വതന്ത്ര പരിഭാഷ : മീഡിയാമേറ്റ്

**ഇന്ത്യൻ** കൊക്കകോളയ്ക്ക് ടെറി (ദി എനർജി റിസോർസ് ഇൻസ്റ്റിറ്റ്യൂട്ട്) ശുദ്ധിപത്രം നല്കിയപ്പോൾ പത്രങ്ങളെല്ലാം കൃത്യമായിത് പ്രസിദ്ധം ചെയ്തു. ടെറിയുടെ പഠനത്തിൽ കോളയുണ്ടാക്കാനുപയോഗിക്കുന്ന വെള്ളത്തിൽ കീടനാശിനികളൊന്നും കണ്ടില്ല. സെന്റർ ഫോർ സയൻസ് ആന്റ് എൻവയോൺമെന്റ് (സി.എസ്.ഇ.) പറയുന്നത് ടെറി അവസാന ഉല്പന്നം (കോള) പരിശോധിച്ചില്ല എന്നാണ്. 2003ലും 2006ലും കോള പരിശോധിച്ച സി.എസ്.ഇ. അനുവദനീയ അളവിലും കൂടുതൽ കീടനാശിനി കണ്ടെത്തിയിരുന്നു. കോളയുണ്ടാക്കാൻ ഉപയോഗിക്കുന്ന വെള്ളം ശുദ്ധമായാൽ മതിയോ? എങ്കിൽ കോള ഉല്പന്നങ്ങൾ പരീക്ഷണ വിധേയമാക്കിയപ്പോൾ (കേന്ദ്ര ആരോഗ്യവകുപ്പ് നിയോഗിച്ച എൻ.കെ. ഗാംഗുലി കമ്മിറ്റി) കീടനാശിനി കണ്ടെത്തിയതെങ്ങിനെ? അമേരിക്കയിലെ മിച്ചിഗൺ സർവ്വകലാശാല ഇന്ത്യൻ കോളയ്ക്ക് ശുദ്ധിപത്രം നല്കിയതെന്തിന്? ഇന്ത്യയിലുണ്ടാക്കുന്ന കോളയാണോ മിച്ചിഗൺ സർവ്വകലാശാല കാമ്പസിൽ വിതരണം ചെയ്യാൻ പോകുന്നത്? ടെറി പഠനത്തിന്റെ അടിസ്ഥാനമെന്താണ്? ടെറിയുടെ പഠനം പ്ലാച്ചിമടയിലെയോ മെഹ്ദിഗൺജ് (ഉത്തർപ്രദേശ്) തുടങ്ങിയ 49 ഉല്പാദന കേന്ദ്രങ്ങളുടെ ചുറ്റുപാടുമുള്ള ജനങ്ങളുടെ പ്രതിഷേധത്തിനെയോ കണക്കിലെടുത്തിട്ടില്ല. 2004 മുതൽ പ്ലാച്ചിമടയിലെ കോളകമ്പനി അടച്ചിട്ടിരിക്കുകയാണ്. കോളയിൽ കീടനാശിനി കണ്ടെത്തിയ സി.എസ്.ഇ.യുടെ പഠനത്തിന്നാധാരമാക്കിയോ പദ്ധതി പ്രദേശത്തെ ഭൂജലശോഷണത്തെക്കുറിച്ചോ പരിസരവാസികളുടെ ആശങ്കകളെ അധികരിച്ചോ അല്ല ടെറിയുടെ പഠനം. അമേരിക്കയിലേയും ഇതര രാജ്യങ്ങളിലേയും കോളയുടെ വിശ്വാസ്യതരാഹിത്യം പുന:പ്രതിഷ്ഠിക്കാൻ വേണ്ടിയുള്ള പഠനമാണ് അവർ നടത്തിയിരിക്കുന്നത്. ഇന്ത്യയിലേയും കൊളമ്പിയയിലേയും കോള കമ്പനികളുടെ ദുഷ്ചെയ്തികൾക്കെതിരെ അമേരിക്കൻ വിദ്യാർത്ഥി സമൂഹത്തിന്റെ പ്രതിഷേധ-സമ്മർദ്ദങ്ങളുടെ പശ്ചാത്തലത്തിൽ വേണം ഇതിനെ കാണാൻ. അമേരിക്കയിലെ 20 കോളേജ്/സർവ്വകലാശാലകൾ കുട്ടികൾ കോള നിരോധത്തിന് മുൻകയ്യെടുത്തു. മറ്റ് 30 കോളേജ്/സർവ്വകലാശാല കാമ്പസുകളിൽ കോളക്കെതിരെ ശക്തമായ ചെറുത്ത് നില്പ് നിലനില്ക്കുന്നു.


ഇതിന്റെ അലയൊലികൾ കടലുകടന്ന് ഇംഗ്ലണ്ടിലെ മാഞ്ചസ്റ്റർ സർവ്വകലാശാലയെ വരെ കോളനിരോധിക്കാൻ പ്രേരിപ്പിച്ചു.

ഇന്ത്യയിലെ ജൈവമാലിന്യ നിക്ഷേപങ്ങളും ജലസ്രോതസ്സുകളുടെ മലിനീകരണവും കൊളമ്പിയായിലെ നീചമായ തൊഴിൽ ക്രമീകരണങ്ങളുമൊക്കെയാണ് അമേരിക്കൻ വിദ്യാർത്ഥി സമൂഹത്തെ സ്പർശിച്ചത്. എന്നാൽ ഈവക ആരോപണങ്ങളെ കൊക്കകോള നിഷേധിച്ചിരുന്നു. കോളകമ്പനികളിലെ 8 തൊഴിലാളി നേതാക്കളെ വധിച്ചതുമായി ബന്ധപ്പെട്ട അന്തർദ്ദേശീയ തൊഴിലാളി അവകാശ ഫണ്ടും കൊളമ്പിയൻ തൊഴിലാളി യൂണിയനും യുണൈറ്റഡ് സ്റ്റീൽ വർക്കേഴ്സ് യൂണിയനും (അമേരിക്ക) കോളക്കെതിരെ നിയമനടപടികളാരംഭിച്ചു.




ഇന്ത്യയിൽ മനുഷ്യാവകാശ ധ്വംസനങ്ങളും പരിസ്ഥിതി വിരുദ്ധ പ്രവർത്തനങ്ങളും നടന്നിട്ടുണ്ടാവാമെന്നതിനാൽ മിച്ചിഗൺ സർവ്വകലാശാല കോളയുത്പന്നങ്ങൾ വാങ്ങുന്നത് നിർത്തിവെച്ചു. ഡിസംബർ 31, 2005 ന് മുമ്പ് ഒരു സ്വതന്ത്ര ആഡിറ്ററെകൊണ്ട് അന്വേഷിപ്പിച്ച് പ്രവർത്തനരീതികൾ തിട്ടപ്പെടുത്തണമെന്ന നിബന്ധന കൊക്കകോള തെറ്റിച്ചു. ഇതിന്റെയെല്ലാം പരിണിത ഫലമായാണ് ജെഫ് ഡിബ്രൈറ്റും (വൈസ് പ്രസിഡന്റ് കൊക്കകോള-പരിസ്ഥിതി ജലസ്രോതസ്സ്) ലീലാ ശ്രീവാസ്തവയും (എക്സിക്യൂട്ടീവ് ഡയറക്ടർ, ടെറി) മൈക്കൾടി ലെനിക്കും (സീനിയർ പാർട്ട്ണർ, മെർഡിയൻ ഇൻസ്റ്റിറ്റ്യൂട്ട്, കൊളറാഡോ, യു.എസ്.എ.) ചേർന്നുണ്ടാക്കിയ തീരുമാനപ്രകാരം 2007 മാർച്ച് മാസത്തേക്ക് റിപ്പോർട്ട് സമർപ്പിക്കാൻ മാറ്റിവെച്ചത്. തീരുമാനപ്രകാരം കൊക്കകോള (ഇന്ത്യ)യുടെ 'ഇപ്പോഴത്തെ ജലവിനിയോഗവും' കുടിവെള്ളത്തിലെ കീടനാശിനിയുടെ സാന്നിദ്ധ്യമുണ്ടാക്കുന്ന പ്രതിഫലനവു'മാണ് പഠനവിധേയമായതെങ്കിലും മറ്റ് പല കാര്യങ്ങളിലും ടെറിയുടെ റിപ്പോർട്ട് കൊക്കകോളയെ കുററപ്പെടുത്തുന്നുണ്ട്. പരിസ

രവാസികളുടെ ഭീതികളോ പാരിസ്ഥിതിക പ്രശ്നങ്ങളോ കണക്കിലെടുക്കാതെയാണ് കോള പ്ലാന്റുകൾ പ്രവർത്തിക്കുന്നത് എന്ന് റിപ്പോർട്ടിൽ കുറ്റപ്പെടുത്തുന്നു. ഫാക്ടറി പരിസരത്ത് കുടിവെള്ളത്തിന്റെ ഗുണം കുറഞ്ഞുവെന്ന പരിസരവാസികളുടെ പരാതി മനസ്സില്ലാമനസ്സോടെ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 'നിയമപരവും സാങ്കേതികവുമായ കാരണങ്ങളാൽ കൊക്കകോളയുടെ കൈവശമുള്ള പല പഠനറിപ്പോർട്ടുകളും ടെറിയെ കാണിച്ചിട്ടില്ല. എങ്കിലെന്തിനാണ് ടെറി പഠനം ഏറ്റെടുത്തത്. കൊക്കകോള ഇന്ത്യ ലിമിറ്റഡ് ടെറിയുടെ വാർഷിക വരുമാനത്തിന് നിർണ്ണായക സംഖ്യ കൊടുക്കുന്നവരാണെന്ന് ഇതോടൊപ്പം കൂട്ടിവായിക്കണം. പഠിക്കാൻ പരിഗണിച്ച ഫാക്ടറികളിൽ പ്രശസ്തമായ പ്ലാച്ചിമട ഉണ്ടായിരുന്നില്ല.




അടച്ചിട്ടിരിക്കുന്നു എന്ന പേരിൽ. അതാത് പ്രദേശങ്ങളിലെ ഭൂജലവും കോള പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ച് പഠിക്കാൻ ടെറി ശ്രമിച്ചില്ല. പകരം ഈ വിഷയത്തെക്കുറിച്ച് കൂടുതൽ പഠിക്കേണ്ടതുണ്ടെന്ന് പറഞ്ഞൊഴിഞ്ഞു. പരിസരവാസികളുടേതടക്കം ബന്ധപ്പെട്ടവരുടെ ധാരണകൾ ടെറി രേഖപ്പെടുത്തിയിട്ടുണ്ട്.

ഇതിനർത്ഥം പ്രശ്നങ്ങൾ നേരിടുന്ന പരിസരവാസികൾ കാരണങ്ങളെക്കുറിച്ചല്ലെങ്കിലും പ്രശ്നത്തെക്കുറിച്ച് ശരിയായ ധാരണയുള്ളവരാണ് എന്നല്ലേ? കോളകമ്പനിക്ക് ആഴമേറിയ കുഴൽകിണറുകളുണ്ടെന്നും അതിലൂടെ ബന്ധപ്പെട്ടവർക്കർഹത്തപ്പെട്ട വെള്ളം നിരന്തരം ഊറ്റുകയാണെന്നും പ്രശ്നബാധിതർ വിശ്വസിക്കുന്നു. ലഭ്യമായ വെള്ളത്തിന്റെ ഗുണനിലവാരക്കുറവ് ടെറി രേഖപ്പെടുത്തിയിട്ടുണ്ട്. കോളക്കമ്പനികൾ സർക്കാർ നിലവാരങ്ങൾ പാലിക്കുന്നുണ്ടെന്ന് റിപ്പോർട്ട് ഉപസംഹരിച്ചുകൊണ്ട് ടെറി പറയുന്നു. ഗവർമെന്റ് നിശ്ചയിച്ചിട്ടുള്ള നിലവാര അളവുകോൽ തൃപ്തികരമായണോ എന്നവർ അന്വേഷിക്കുന്നില്ല. ഈവിധം ടെറിയുടെ റിപ്പോർട്ട് ഉത്തരങ്ങളല്ല, ചോദ്യങ്ങളാണ് ഉയർത്തുന്നത്.

*(കടപ്പാട് : തെഹൽക)*

● **പ്രതികരണം**

### പ്ലാച്ചിമട

# മാമ്പഴ സംസ്കരണ ഫാക്ടറി നിർമ്മിക്കാനുള്ള ഗൂഢനീക്കത്തെ ചെറുക്കുക; സർക്കാരിനെതിരെ പ്രത്യക്ഷസമരം

പ്ലാച്ചിമട ഐക്യദാർഢ്യ സമിതി

ബഹുജന പ്രക്ഷോഭത്തെത്തുടർന്ന് അടഞ്ഞു കിടക്കുന്ന കൊക്കകോള ഫാക്ടറിക്കെതിരെ മലിനീകരണ നിയന്ത്രണബോർഡ് കാരണം കാണിക്കൽ നോട്ടീസ് നൽകിയ പശ്ചാത്തലത്തിൽ പ്രസ്തുത നീക്കം തന്നെ അട്ടിമറിച്ച് മാമ്പഴ സംസ്കരണ ഫാക്ടറി തുടങ്ങുന്നതിനുള്ള അണിയറ നീക്കത്തെ ചെറുക്കണമെന്ന് പ്ലാച്ചിമട സമര, ഐക്യദാർഢ്യ സമിതികൾ ആവശ്യപ്പെട്ടു. കൊക്കകോള കമ്പനിയെ നിയമവിചാരണ നടപടികളിൽനിന്ന് രക്ഷിച്ചെടുക്കുകയും തദ്ദേശവാസികൾക്ക് ന്യായമായും ലഭിക്കേണ്ട നഷ്ടപരിഹാരം നിഷേധിക്കുകയും കൊക്കക്കോളയുടെ നിയന്ത്രണത്തിൽ മാമ്പഴസത്ത് ഉത്പാദിപ്പിച്ച് മറ്റ് ഉത്പാദന യൂണിറ്റുകളിൽ അസംസ്കൃത പദാർത്ഥം യഥേഷ്ടം ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് ഈ നീക്കത്തിന്റെ പിന്നിലുള്ള ഗൂഢതാത്പര്യം.

ഭരണ–രാഷ്ട്രീയ നേതൃത്വത്തിൽ ഒരു വിഭാഗവും കർഷക സ്നേഹികൾ എന്നു നടിക്കുന്ന ചില സാമ്രാജ്യത്വ ഏജന്റുമാരും കൊക്കക്കോളയുടെ ആനുകൂല്യങ്ങൾ പറ്റിക്കൊണ്ട് ഈ നീക്കത്തിന്റെ പ്രചാരകരായി രംഗത്തുവന്നിട്ടുണ്ട്. പ്ലാച്ചിമടയിലെ ഐതിഹാസികമായ സാമ്രാജ്യത്വവിരുദ്ധ-ജനാധികാര സമരത്തെ ഒറ്റുകൊടുക്കുന്ന ഒരു നീക്കമാണിത്.

പ്ലാച്ചിമട സമരസമിതിയ്ക്ക് മുഖ്യമന്ത്രി നൽകിയ ഉറപ്പുകൾ പാലിക്കുകയും കൊക്കക്കോളയ്ക്കെതിരായ കേസുകൾ ഫലപ്രദമായി നടത്തുകയും ചെയ്യുന്നതിനുള്ള ഭരണനടപടികൾ മരവിപ്പിച്ചുകൊണ്ട് ഈ നീക്കത്തിന് ഒത്താശ ചെയ്യുന്ന നിലപാടാണ് സർക്കാർ കൈക്കൊള്ളുന്നതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. എങ്കിൽ അത് നഗ്നമായ ജനവഞ്ചനയായിത്തീരും. മൂലധന ശക്തികൾക്കുമുമ്പിൽ കീഴടങ്ങുന്ന ഈ നിലപാടിൽനിന്ന് ഭരണനേതൃത്വം പിന്തിരിയണമെന്ന് പ്ലാച്ചിമട ഐക്യദാർഢ്യസമിതി ആവശ്യപ്പെടുന്നു.

സഹകരണമേഖലയിലോ ചെറുകിട ഉൽപ്പാദന മേഖലയിലോ സംസ്കരണ ഫാക്ടറി തുടങ്ങിയോ മൂവാറ്റുപുഴയ്ക്കടുത്ത് നടുക്കരയിൽ പൂർണ്ണ ഉൽപ്പാദന ശേഷി കൈവരിച്ചിട്ടില്ലാത്ത ഫാക്ടറിയിലെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയോ മാമ്പഴ സംസ്കരണം നടത്താമെന്നിരിക്കേ കർഷകരക്ഷയ്ക്കെന്ന പേരിൽ കോള കമ്പനിയെ തിരിച്ചുകൊണ്ടുവരുന്നതിനുള്ള നീക്കം തികഞ്ഞ കാപട്യവും വിശ്വാസവഞ്ചനയുമാണ്. ആഗോളതലത്തിൽ ശക്തിയാർജ്ജിച്ചിട്ടുള്ള കോർപ്പറേറ്റ് അഗ്രി-ബിസിനസ്സിന്റെ ചതിക്കുഴിയിലേക്ക് പാലക്കാട് ജില്ലയിലെ മാങ്ങാ കർഷകരെക്കൂടി തള്ളിവിടുന്നതിന് മാത്രമാണിതുപകരിക്കുക.

പ്ലാച്ചിമടയിൽ കൊക്കക്കോളയ്ക്കെതിരെയുള്ള നിയമവിചാരണനടപടികൾ പൂർത്തിയാക്കാതെ മാമ്പഴച്ചാർ ഫാക്ടറി തുടങ്ങാൻ അനുവദിക്കുകയില്ലെന്ന പ്ലാച്ചിമട സമരസമിതിയുടെ നിലപാടിന് ഐക്യദാർഢ്യ സമിതി പൂർണ്ണ പിന്തുണ പ്രഖ്യാപിക്കുന്നു. നാളിതുവരെ പ്ലാച്ചിമട സമരത്തെ പിന്തുണച്ച മുഴുവൻ സംഘടനകളോടും മാമ്പഴ സംസ്കരണ ഫാക്ടറിയുടെ പേരിൽ കൊക്കക്കോളയുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളെ ചെറുത്തു തോൽപ്പിക്കുന്നതിനുവേണ്ടി രംഗത്തിറങ്ങണമെന്ന് ഐക്യദാർഢ്യസമിതി അഭ്യർത്ഥിച്ചു.

ബന്ധങ്ങൾക്ക് :
എൻ.പി. ജോൺസൺ, 9447019546